ICPS4(B)/008411/17

ഐ.സി.പി.എസ്
സാമൂഹ്യ നീതി വകുപ്പ്
പൂജപ്പുര
തിരുവനന്തപുരം
തീയതി: 11/10/2017

## സർക്കുലർ

വിഷയം:- സാമൂഹ്യ നീതി വകുപ്പ് -ICPS- കരാർ ജീവനക്കാരുടെ ശമ്പള വർദ്ധനവ് - സംസ്ഥാന സർക്കാരിന്റെ അധിക ബാധ്യത അക്കൗണ്ടിംഗ് ചെയ്യുന്നത് സംബന്ധിച്ച്.

സൂചന:- 1.ഐ.സി.പി.എസ് ഗൈഡ് ലൈൻ

2.സർക്കാർ ഉത്തരവ് നമ്പർ സ.ഉ (കെ) നം.32/2017 സ.നീ.വ തീയതി:26/07/2017

സാമൂഹ്യ നീതി വകുപ്പ് നടപ്പിലാക്കുന്ന കേന്ദ്രാവ്യഷ്കൃത പദ്ധതിയായ സംയോജിത ശിശു സംരക്ഷണ പദ്ധതിയുടെ വിവിധ ഘടകങ്ങളിൽ കരാർ വ്യവസ്ഥയിൽ സേവനമനുഷ്ഠിക്കുന്ന ജീവനക്കാർക്ക് ഐ.സി.പി.എസ് ഗൈഡ് ലൈൻ പ്രകാരമുള്ള സാലറിയാണ് അനുവദിച്ചിരുന്നത്. എന്നാൽ മേൽ സൂചന (2) സർക്കാർ ഉത്തരവ് പ്രകാരം ടി കരാർ ജീവനക്കാരുടെ തസ്തികകൾ കാറ്റഗറി നിശ്ചയിച്ച് ശമ്പള വർദ്ധനവ് നൽകുകയുണ്ടായി. പ്രസ്തുത ശമ്പള വർദ്ധനവ് നടപ്പിലാക്കുന്നതിലൂടെ കേന്ദ്ര സർക്കാർ നിശ്ചയിച്ചിരിക്കുന്ന തുകയ്ക്ക് പുറമെ സംസ്ഥാന സർക്കാർ അധികമായി ഫണ്ട് വിനിയോഗിക്കേണ്ടതായി വരും. ഇത്തരത്തിൽ സംസ്ഥാന സർക്കാർ വിനിയോഗിക്കുന്ന തുക , ഐ.സി.പി.എസ് പദ്ധതിയുടെ സ്റ്റേറ്റ് ഫണ്ടിൽ വകയിരുത്തേണ്ടതായുണ്ട്. ആയതിനാൽ ഐ.സി.പി.എസ് ഗൈഡ് ലൈനിന് പുറമെ ജീവനക്കാർക്ക് അധികമായി അനുവദിക്കുന്ന തുക സംബന്ധിച്ച വ്യക്തമായ കണക്ക് എല്ലാ ജില്ലാ ശിശു സംരക്ഷണ യൂണിറ്റുകളിലും (DCPU), സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി (SCPS), സ്റ്റേറ്റ് അഡോപ്ഷൻ റിസോഴ്സ് ഏജൻസി (SARA), എല്ലാ ജെ ജെ ഹോമുകളിലും സൂക്ഷിക്കേണ്ടതാണ്. ആയത് സംബന്ധിച്ച റിപ്പോർട്ട് എല്ലാ 3 മാസം കൂടുമ്പോഴും സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റിയിൽ (SCPS) ലഭ്യമാക്കേണ്ടതാണ്. കൂടാതെ ഐ.സി.പി.എസ്-ൽ നിന്നും വിവിധ കംബോണന്റ്കളിൽ അനുവദിക്കുന്ന തുക ചെലവഴിക്കുന്നത് സംബന്ധിച്ച MPR ഇതോടൊപ്പം ഉള്ളടക്കം ചെയ്യുന്ന പ്രൊഫോർമയിൽ രേഖപ്പെടുത്തി എല്ലാ മാസവും 10-ാം തീയതിയ്ക്കകം ഈ കാര്യാലയത്തിൽ ലഭ്യമാക്കേണ്ടതാണ്.

സാമൂഹ്യ നീതി ഡയറക്ടർക്ക് വേണ്ടി

എല്ലാ ജില്ലാ ശിശു സംരക്ഷണ ഓഫീസർമാർക്കും
എല്ലാ ജെ.ജെ സ്ഥാപന സൂപ്രണ്ട്മാർക്കും
പ്രോഗ്രാം മാനേജർ SARA

പകർപ്പ്:

1.പ്രോഗ്രാം മാനേജർ ICPS
2.ICPS 4
3.സ്റ്റോക്ക് ഫയൽ

OFFICE OF THE INTEGRATED CHILD PROTECTION SCHEME
THIRUVANANTHAPURAM-12
SOCIAL JUSTICE DEPARTMENT

# MONTHLY SALARY REPORT-I

| AMOUNT RECEIVED FROM SCPS | | SALARY DISBURSED | | | |
|---|---|---|---|---|---|
| **REF NO: & DATE** | **AMOUNT** | **MONTH** | **As per ICPS Guide Line** | **STATE FUND** | **TOTAL** |
| | | | | | |
| | | | **Balance c/d** | | |
| **Total** | | | | | |

# MONTHLY PROGRESS REPORT-II
## Name of Institution
## Month

| COMPONENT DETAILS | AMOUNT RECEIVED THROUGH HEAD OF A/C | AMOUNT RECEIVED THROUGH TSB | EXPENDITURE DURING MONTH | EXPENDITURE UP TO PREVIOUS MONTH | PROGRESSIVE TOTAL | BALANCE AMOUNT |
|---|---|---|---|---|---|---|
| A | B | C | D | E | F | G(B+C-F) |
| | | | | | | |